

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ



## 4. ഗോത്രസമുദായങ്ങൾ

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


4 ഗോത്രസമുദായങ്ങൾ . . . . . . . . . . . . . . . . . . . 1

1 കാടത്തത്തിൽ നിന്ന് സംസ്കാരത്തിലേക്ക് 2

2 സാങ്കേതിക വളർച്ചയും സാമൂഹിക ജീവിതവും . . . . . . . . . . . . . . . . . . 3

3 കൂട്ടായ ജീവിതം . . . . . . . . . . . . . 4

4 ഭരണകൂടമില്ലാത്ത ഭരണം . . . . . . . 5

5 ഗിരിവർഗ്ഗക്കാരുടെ ഭരണവ്യവസ്ഥ . 6

6 കുലവും ഗോത്രവും . . . . . . . . . . . 7

7 പ്രാകൃത കമ്മ്യൂണിസം . . . . . . . . . 8

# 4

# ഗോത്രസമുദായങ്ങൾ

പ്രാചീന ശിലായുഗത്തിലെയും നവീനശിലായുഗത്തിലെയും ജനങ്ങളുടെ ഉൽപ്പാദനായുധങ്ങളെപ്പറ്റിയും അവർ ഉപയോഗിച്ച് വിട്ടുംവെച്ചുപോയ മറ്റു ജീവനോപകരണങ്ങളെപ്പറ്റിയും അവരുടെ ഉൽപാദനസമ്പ്രദായങ്ങളെപ്പറ്റിയും അവർ ജീവിച്ചിരുന്ന കാലഘട്ടങ്ങളെപ്പറ്റിയും പഠിക്കാൻ പുരാതന വാസ്തുഗവേഷകൻമാരുടെ കണ്ടുപിടുത്തങ്ങൾ പ്രയോജനപ്പെടുന്നു. പക്ഷേ, അവ കൊണ്ടു മാത്രം അവരുടെ സാമൂഹ്യജീവിതത്തെപ്പറ്റിയും ആചാരങ്ങളെപ്പറ്റിയും ആശയഗതികളെപ്പറ്റിയും മനസ്സിലാക്കുക സാദ്ധ്യമല്ല. ഈ വിടവുനികത്താൻ നരവംശശാസ്ത്രജ്ഞൻമാരുടെയും സാമൂഹ്യശാസ്ത്രജ്ഞൻമാരുടെയും കണ്ടുപിടുത്തങ്ങൾ ആണ് നമ്മെ സഹായിക്കുന്നത്.

## 1 കാടത്തത്തിൽ നിന്ന് സംസ്കാരത്തിലേക്ക്

നമ്മൾ കണ്ടുകഴിഞ്ഞതുപോലെ, പ്രാകൃതോപകരണങ്ങളിലുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ പ്രാചീന ശിലായുഗം, നവീനശിലായുഗം, ലോഹയുഗം എന്നിങ്ങനെയാണ് പുരാതനവസ്തു ഗവേഷകൻമാർ ചരിത്രത്തെ വിഭജിക്കുന്നത്. നരവംശശാസ്ത്രജ്ഞാൻമാരാകട്ടെ നേരെമറിച്ച്, കാടത്തത്തിന്റെ യുഗം, അപരിഷ്കൃതത്തിന്റെ യുഗം, സംസ്കാരത്തിന്റെ യുഗം എന്നിങ്ങനെ സാമൂഹ്യ ജീവിതത്തിലുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിലാണ് മനുഷ്യസമുദായത്തെ പരിശോധിക്കുന്നത്. ഒരു നൂറ്റാണ്ടിനു മുമ്പ് അമേരിക്കയിലെ ആദിമനിവാസികൾക്കിടയിൽ വളരെകൊല്ലങ്ങളോളം കഴിച്ചുകൂട്ടിയ ലൂയി മോർഗൻ എന്ന ശാസ്ത്രജ്ഞനാണ് തന്റെ സ്വന്തം അനുഭവങ്ങളുടെയും ശാസ്ത്രീയ വീക്ഷണത്തിന്റെയും വെളിച്ചത്തിൽ ആദ്യമായി ഇത്തരമൊരു വിഭജനം നടത്തിയത്.

കാടൻമാരുടെ യുഗം മനുഷ്യസമുദായത്തിന്റെ ശൈശവദശയുടെ കാലമാണ്. പ്രാകൃതമനുഷ്യർ കല്ലുകൊണ്ടുള്ള ആയുധങ്ങളുപയോഗിച്ച് മൃഗങ്ങളെ വേട്ടയാടാനും തീയുപയോഗിച്ച് മത്സ്യമാംസാദികൾ വേവിച്ചുതിന്നുവാനും പഠിച്ചത് ഈ കാലത്താണ്. വില്ലും അമ്പും ഉപയോഗിച്ച് മൃഗങ്ങളെ കൂടുതലെളുപ്പത്തിൽ വേട്ടയാടിപ്പിടിക്കാൻ തുടങ്ങിയതോടുകൂടി കാടത്തയുഗം അവസാനിക്കുകയും അപരിഷ്കൃതയുഗം ആരംഭിക്കുകയും ചെയ്തു. അപരിഷ്കൃതയുഗത്തിന്റെ ആരംഭത്തിലാണ് മൺപാത്രങ്ങളുടെ ഉപയോഗം കണ്ടുപിടിക്കപ്പെട്ടത്. മൃഗങ്ങളെ പോറ്റിവളർത്താനും സ്ഥിരവാസമാരംഭിച്ച് ധാന്യങ്ങളും ഫലവർഗ്ഗങ്ങളും മറ്റും കൃഷിചെയ്യാനും തുടങ്ങിയത് അപരിഷ്കൃതയുഗത്തിലാണ്. ഈ യുഗത്തിന്റെ അവസാനത്തിൽ ലോഹങ്ങൾ കണ്ടുപിടിക്കപ്പെട്ടു.

ഇരുമ്പുരുക്കി പണിയായുധങ്ങളുണ്ടാക്കാനും കൈത്തൊഴിലുകളിലേർപ്പെടാനും ഇരുമ്പുകലപ്പയുപയോഗിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്താനും തുടങ്ങിയതോടുകൂടി അപരിഷ്കൃതയുഗം അവസാനിക്കുകയും സംസ്കാരത്തിന്റെ യുഗമാരംഭിക്കുകയും ചെയ്തു. ആശയവിനിമയത്തിന് അക്ഷരമാലയുപയോഗിക്കാൻ തുടങ്ങിയതോടുകൂടിയാണ് സംസ്കാരത്തിന്റെ യുഗം ആരംഭിച്ചത്. അതുമുതൽക്കിന്നുവരെയുള്ള കാലം സംസ്കാരത്തിന്റെ യുഗമാണ്.

മോർഗന്റെ വിശകലനത്തെ ഏംഗൽസ് ഇങ്ങനെ സംഗ്രഹിക്കുന്നു:

> ‘കാടത്തയുഗം’—ഉപയോഗത്തിനുതകുംവിധം പ്രകൃതിയിൽ നിന്നുകിട്ടാവുന്ന ഉൽപ്പന്നങ്ങൾ സമ്പാദിക്കലിനാണ് ഈ ഘട്ടത്തിൽ ഏറ്റവുമധികം പ്രാധാന്യം. പ്രകൃതിവിഭവങ്ങൾ എളുപ്പത്തിൽ സമ്പാദിക്കാനാവശ്യമായ ഉപകരണങ്ങളെയാണ് മനുഷ്യൻ പ്രധാനമായും ഉൽപ്പാദിപ്പിച്ചിരുന്നത്.

‘അപരിഷ്കൃതയുഗം’ കന്നുകാലി വളർത്തലിനെക്കുറിച്ചും കൃഷിയെക്കുറിച്ചും അറിവുനേടിയ കാലം. മനുഷ്യന്റെ പ്രവർത്തനം വഴി പ്രകൃതിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയത് ഈ കാലത്താണ്.

‘സംസ്കാരയുഗം’—പ്രകൃതിവിഭവങ്ങളെത്തന്നെ പുതുക്കിപ്പണിയുന്നതിനെക്കുറിച്ചും വ്യവസായം, കല എന്നിവയെക്കുറിച്ചും അറിവുനേടിയ കാലം. [1]

പ്രാചീന സമുദായങ്ങളെല്ലാം സാമൂഹ്യവളർച്ചയുടെ ഒരേഘട്ടത്തിലല്ല ജീവിക്കുന്നത് എന്ന് മോർഗൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ചില ജനവിഭാഗങ്ങൾ കാടത്തത്തിൽ കഴിച്ചുകൂട്ടുമ്പോൾ മറ്റു ചില വിഭാഗങ്ങൾ അപരിഷ്കൃതയുഗത്തിലും, ഇനിയും ചില വിഭാഗങ്ങൾ സംസ്കാരത്തിന്റെ യുഗത്തിലും ജീവിക്കുന്നു. എങ്കിലും സാമൂഹ്യവളർച്ചയുടെ അനുക്രമമായ ഘട്ടങ്ങൾ അവയെ പരസ്പരം ബന്ധപ്പെടുത്തുന്നു. മോർഗന്റെ ഈ വിശകലനങ്ങൾ സാരാംശത്തിൽ ഇന്നും ശരിയാണെന്ന് ആധുനിക നരവംശശാസ്ത്രജ്ഞൻമാരുടെ ഗവേഷണ ഫലങ്ങൾ തെളിയിക്കുന്നു.

---

1. Engels: Origin of Family, Private Property and the State, p. 46.

## 2 സാങ്കേതിക വളർച്ചയും സാമൂഹിക ജീവിതവും

പുരാതന വസ്തു ഗവേഷകൻമാരുടെയും നരവംശശാസ്ത്രജ്ഞൻമാരുടെയും ഗവേഷണങ്ങളെ പൊരുത്തപ്പെടുത്താനും കൂട്ടിയോജിപ്പിക്കാനുമുള്ള മഹത്തായ ഒരു പരിശ്രമമാണ് ഗോർഡൻ ചൈൽഡ് തന്റെ 'സോഷ്യൽ എവല്യൂഷൻ' എന്ന ഗ്രന്ഥത്തിലൂടെ നടത്തിയിട്ടുള്ളത്. നവീനശിലായുഗത്തിനു മുമ്പുള്ള കാലഘട്ടത്തെ കാടത്തത്തിന്റെ യുഗമായും നവീനശിലായുഗത്തെ അപരിഷ്കൃതത്തിന്റെ യുഗമായും മൊത്തത്തിൽ തരംതിരിക്കാമെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു.

നരവംശശാസ്ത്രജ്ഞൻമാരുടെ കണ്ടുപിടുത്തങ്ങൾക്കും പുരാതന വാസ്തുഗവേഷകൻമാരുടെ കണ്ടുപിടുത്തങ്ങൾക്കും തമ്മിൽ പറയത്തക്ക വൈരുദ്ധ്യമൊന്നുമില്ല. എന്നല്ല, ഒന്നു മറ്റേതിനെ സഹായിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ഉപകരണങ്ങളിലുണ്ടാകുന്ന സാങ്കേതിക പരിഷ്ക്കാരങ്ങളാണ് സാമൂഹ്യജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങളുടെ അടിസ്ഥാനം. ഉദാഹരണത്തിന്, കല്ലുകൊണ്ടുള്ള പരുക്കൻ ആയുധങ്ങളുടെ സ്ഥാനത്ത് വില്ലും അമ്പും ഉപയോഗിക്കാൻ തുടങ്ങിയപ്പോഴാണ് മൃഗങ്ങളെ പോറ്റിവളർത്തുകയെന്ന പുതിയ ജീവിതക്രമം ആവിർഭവിച്ചത്. അതുപോലെ, ലോഹങ്ങൾ പ്രചാരത്തിൽ വന്നപ്പോളാണ് കലപ്പ കൊണ്ട് നിലമുഴുത് കൃഷിചെയ്യുന്ന ജീവിതരീതി നിലവിൽ വന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ; ഉൽപ്പാദനോപകരണങ്ങളിലും ഉൽപാദനരീതിയിലുമുണ്ടാകുന്ന മാറ്റങ്ങൾക്കനുരൂപമായിട്ടാണ് മനുഷ്യന്റെ സാമൂഹിക ജീവിതക്രമങ്ങൾ മാറുകയും അഭിവൃദ്ധിപ്പെടുകയും ചെയ്തിട്ടുള്ളത്. [2]

---

2. Marx: Critique of Political economy p. 8.

## 3 കൂട്ടായ ജീവിതം

കല്ലുകൊണ്ടുള്ള പരുക്കൻ ആയുധങ്ങളുമായി കാട്ടുമൃഗങ്ങളോടും പ്രകൃതിശക്തികളോടും മല്ലിട്ടുകൊണ്ടു ജീവിച്ചിരുന്ന അതിപ്രാചീനരായ പൂർവ്വനിവാസികളുടെ കാലത്ത് കേരളക്കരയിൽ ജന്മികളോ മുതലാളികളോ ഉണ്ടായിരുന്നില്ലെന്ന് പറയേണ്ടതില്ലല്ലോ. ഭക്ഷണം കിട്ടിയാൽ കിട്ടി. ഇല്ലെങ്കിൽ പട്ടിണി. ഭാവിയ്ക്കുവേണ്ടി സൂക്ഷിച്ചുവയ്ക്കാനോ 'എൻറേത്' 'നിൻറേത്' എന്നു പങ്കിടാനോ യാതൊരു സ്വത്തുമുണ്ടായിരുന്നില്ല. അതുകൊണ്ട് ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള വ്യത്യാസവും അജ്ഞാതമായിരുന്നു. എല്ലാ മനുഷ്യരും സമൻമാരായിരുന്നു. മർദ്ദകനും മർദ്ദിതനുമില്ല. രാജാവും പ്രജയുമില്ല. അദ്ധ്വാനിക്കുന്ന ഓരോ മനുഷ്യനും തന്റെ ആവശ്യമുള്ളതു കഴിച്ചു മിച്ചമുണ്ടാക്കുവാൻ കഴിയത്തക്കവണ്ണം ഉൽപ്പാദനശക്തികൾ വളർന്നുകഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ മറ്റുള്ളവരുടെ അധ്വാനഫലത്തെ ചൂഷണം ചെയ്തു ജീവിക്കുക സാധ്യമായിരുന്നില്ല. പാട്ടം, പലിശ, ലാഭം എന്നിവയെപ്പറ്റി സ്വപ്നം കാണാൻപോലും അക്കാലത്ത് ആർക്കും കഴിയുമായിരുന്നില്ല. സ്വകാര്യസ്വത്ത് തലപൊക്കി കഴിഞ്ഞിരുന്നില്ല. എല്ലാം എല്ലാവരുടേയും കൂടിയായിരുന്നു. എല്ലാവരും കൂട്ടായി പണിയെടുക്കും. അധ്വാനിച്ചുകിട്ടുന്ന വിഭവങ്ങൾ എല്ലാവരും കൂടി പങ്കിട്ടെടുക്കും.

ആളുകൾ അന്നൊക്കെ കൂട്ടംകൂട്ടമായിട്ടാണ് ജീവിച്ചിരുന്നത്. ഒറ്റയ്ക്കൊറ്റയ്ക്ക് മറ്റുള്ളവരുമായി സഹകരിക്കാതെ, ജീവിതായോധനം നടത്തുക സാധ്യമായിരുന്നില്ല. കല്ലുകൊണ്ടുള്ള ആയുധങ്ങളോ വില്ലുമമ്പുമോ ഉണ്ടായതുകൊണ്ടുമാത്രം ഒറ്റയ്ക്ക് കാട്ടുമൃഗങ്ങളോടും പ്രകൃതിശക്തികളോടും പൊരുതിജീവിക്കുന്നതെങ്ങനെയാണ്? ഹിംസ്രജന്തുക്കൾക്ക് സ്വയം ഇരയാകാതെ കഴിയാനും, പക്ഷിമൃഗാദികളെ വേട്ടയാടിപ്പിടിച്ച് ദൈനംദിന ജീവിതം കഴിച്ചുകൂട്ടാനും, പിന്നീട് കാടുവെട്ടിത്തെളിച്ച് കൃഷിചെയ്തുപജീവനം കഴിക്കാനും ഈ കൂട്ടായ സാമൂഹ്യജീവിതം അത്യാവശ്യമായിരുന്നു. പ്രാകൃതങ്ങളായ ഉൽപ്പാദനോപകരണങ്ങൾക്കനുയോജ്യമായ ഒരു സാമൂഹ്യക്രമമായിരുന്നു അത്. മാർക്സ് ചൂണ്ടിക്കാണിച്ചതുപോലെ, 'പൊതുവായ ഭാഷ, ആചാരങ്ങൾ, രക്തബന്ധം മുതലായവയുടെ അടിസ്ഥാനത്തിലുള്ള പ്രാകൃതജനങ്ങളുടെ ഗണങ്ങൾ, അല്ലെങ്കിൽ കൂട്ടങ്ങൾ ആയിരുന്നു ജീവിതാവശ്യങ്ങൾ നേടുന്നതിനുള്ള ഒന്നാമത്തെ ഉപാധി. ഇടയൻമാർ, വേടൻമാർ തുടങ്ങിയ പ്രാചീന ജനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും അതു ഒഴിച്ചുകൂടാൻ വയ്യാത്തതായിരുന്നു. പണിയായുധങ്ങളും പണിചെയ്യാനുള്ള മറ്റു ഭൗതികസാമഗ്രികളും സപ്ലൈ ചെയ്യുന്ന വലിയൊരു പരീക്ഷണശാലയായിരുന്നു ഭൂമി. ഭൂമിയായിരുന്നു സമുദായത്തിന്റെ അടിത്തറ. ഈ ഘട്ടത്തിൽ ജനങ്ങൾ ഭൂമിയെ കാണുന്നത് അധ്വാനത്തിലൂടെ ഉൽപ്പാദനവും പുനരുൽപ്പാദനവും നടത്താനുള്ള സമുദായത്തിന്റെ കൂട്ടുസ്വത്തെന്ന നിലയ്ക്കാണ്. സമുദായത്തിലെ ഒരംഗമെന്ന നിലയ്ക്കുമാത്രമേ വ്യക്തിക്ക് ഈ സ്വത്തിൽ പങ്കുള്ളൂ. ആ നിലയ്ക്കുമാത്രമേ അയാൾ ഭൂമിയുടെ ഉടമസ്ഥനും ഭൂമിയിൽ സ്ഥിരവാസം ചെയ്യുന്നവനും ആകുന്നുള്ളൂ. ഈ പ്രാഥമികോപാധികളുടെ അടിസ്ഥാനത്തിലാണ് അധ്വാനത്തിലൂടെ ഭൗതികാവശ്യങ്ങൾ സമ്പാദിക്കപ്പെടുന്നത്. ഈ പ്രാഥമികോപാദികളാകട്ടെ, അധ്വാനത്തിന്റെ ഫലമെന്ന നിലയ്ക്കല്ല, മറിച്ച്, അധ്വാനത്തിന്റെ പിന്നിലുള്ള പ്രകൃതിസഹജവും ദിവ്യവുമായ അടിത്തറയെന്ന നിലയ്ക്കാണ് പ്രത്യക്ഷപ്പെടുന്നത്.'

# 4 ഭരണകൂടമില്ലാത്ത ഭരണം

കൂട്ടത്തിലെ ജനങ്ങളെല്ലാം ഒരേ പൂർവ്വികന്റെ പിൻഗാമികളാണെന്നായിരുന്നു വിശ്വാസം. ജനസംഖ്യ വർദ്ധിച്ചതോടുകൂടി അവർ വെവ്വേറെ തായ്‌വഴികളായിത്തിരിഞ്ഞ് തറവാടുകളിൽ താമസിക്കാൻ തുടങ്ങി. പക്ഷേ, അതിനു ശേഷവും, രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള കുലങ്ങളും ഗോത്രങ്ങളുമായിട്ടാണ് അവർ ജീവിച്ചത്. ഏറ്റവും പ്രായംകൂടിയ ആൾ എന്ന നിലയ്ക്ക് കൂട്ടത്തിലെ കാരണവർ, അല്ലെങ്കിൽ മൂപ്പർ, ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തുപോന്നു. തറവാട്ടുകാരണവൻമാരുടെ കൂട്ട(സഭ)മാണ് ഗോത്രത്തിന്റെ ഭരണകാര്യങ്ങളെല്ലാം നിർവ്വഹിച്ചിരിക്കുന്നത്. ഉൽപ്പാദനക്രമത്തിൽ എല്ലാവരും പരസ്പരം സഹകരിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. രാജാവോ, പട്ടാളം, ജെയിൽ തുടങ്ങിയ മർദ്ദനോപകരണങ്ങളോ ആവശ്യമുണ്ടായിരുന്നില്ല. പരമ്പരാഗതങ്ങളായ ആചാരങ്ങൾ, കാരണവൻമാരോടുള്ള ആദരവും ബഹുമാനവും, കാരണവൻമാരുടെ സ്വാധീനശക്തിയും പ്രാമാണികത്വവും, കൂട്ടായ തീരുമാനങ്ങളിലുള്ള വിശ്വാസം—ഇവയാണ് സാമൂഹ്യജീവിതത്തെ നിയന്ത്രിച്ചിരുന്നത്.

നവീനശിലായുഗത്തിൽ കാടുവെട്ടിത്തെളിച്ച് കൃഷിചെയ്യാൻ തുടങ്ങിയപ്പോഴും കൂട്ടായ ജീവിതം നിലനിന്നു. ശങ്കരമേനോൻ എഴുതുന്നു: [3]

> ‘കേരളത്തിലെ ജനങ്ങൾ കുലങ്ങളായി സംഘടിപ്പിക്കപ്പെട്ടിരുന്നു. ഓരോ കുലത്തിനും നേതാവായി ഒരു തലവനുണ്ടായിരുന്നു. ഈ തലവൻ തരിശുഭൂമികൾ വെട്ടിത്തെളിച്ചും ഉടമസ്ഥൻമാരെ ആട്ടിയോടിച്ചും അടിമപ്പെടുത്തിയും ഭൂമികൾ കൈവശപ്പെടുത്തുന്നു. ഭൂമി വെട്ടിത്തെളിക്കാനും ശത്രുവിനെ കീഴ്പ്പെടുത്താനും സഹകരിച്ച ഗോത്രങ്ങൾക്കും ചെറുജനവിഭാഗങ്ങൾക്കും അയാൾ ഈ ഭൂമി പങ്കിട്ടുകൊടുക്കുന്നു. സ്വന്തമായി കൃഷിഭൂമിയില്ലാത്ത ഗോത്രങ്ങൾ മറ്റുള്ളവരെ പലവിധേനയും സഹായിച്ചുകൊണ്ട് ഉപജീവനം നേടുന്നു. ഏതായാലും ഭരണം കാരണവൻമാരുടെ—അല്ലെങ്കിൽ കുടുംബത്തലവൻമാരുടെ കൈകളിലാണ്. രാജകീയ ഭരണവ്യവസ്ഥയുടെ യാതൊരു തെളിവും അവശേഷിച്ചുകാണുന്നില്ല.’

---

3. M. Sankara Menon, Census, 1901.

## 5 ഗിരിവർഗ്ഗക്കാരുടെ ഭരണവ്യവസ്ഥ

കേരളത്തിലിന്നും നാമാവശേഷമായിട്ടില്ലാത്ത ഗിരിവർഗ്ഗക്കാരുടെയിടയിൽ ഈ പ്രാകൃതമായ സാമൂഹ്യഘടനയുടെ അത്ഭുതാവഹമായ അവശിഷ്ടങ്ങൾ മാഞ്ഞുപോകാതെ നിലനിൽക്കുന്നുണ്ട്. കാണിക്കാർ, മലങ്കുറവൻമാർ, മലപണ്ടാരങ്ങൾ, ഉള്ളാടൻമാർ, മലയരയൻമാർ തുടങ്ങിയ കാട്ടുജാതിക്കാർക്കിടയിൽ ഇപ്പോഴും പ്രാചീന ഗോത്രസംഘടനയുടെ അവശിഷ്ടങ്ങൾ കാണാം. അവരിപ്പോഴും രക്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടംകൂട്ടമായിട്ടാണ് ജീവിക്കുന്നത്. അവരുടെ സാമൂഹ്യജീവിതത്തെ നിയന്ത്രിക്കുന്നത് ഗോത്രങ്ങളുടെ തലവൻമാരും കാരണവൻമാരുടെ കമ്മിറ്റികളുമാണ്. ഉദാഹരണത്തിന് മലയൻമാരെപ്പറ്റി കൃഷ്ണയ്യർ എഴുതുന്നത് നോക്കുക:

> ‘മലയൻമാർക്ക് ഇരുപതോ മുപ്പതോ വീടുകളടങ്ങിയ ഒരു ഗ്രാമത്തിലും ഓരോ മൂപ്പനുണ്ട്. അദ്ദേഹമാണ് എല്ലാ ആഘോഷങ്ങളുടെയും അദ്ധ്യക്ഷത വഹിക്കുന്നത്. വയസൻമാരുടെ ഒരു കൗൺസിലിന്റെ സഹായത്തോടുകൂടി അദ്ദേഹം സമുദായത്തിലുണ്ടായ കശപിശകൾ പരിഹരിക്കുകയും കുറ്റക്കാരെ പിഴ ചുമത്തിയോ ഭ്രഷ്ട് കൽപ്പിച്ചോ ശിക്ഷിക്കുകയും ചെയ്യുന്നു. കുലത്തിന്റെയാകെ തലവന് പണിക്കൻ എന്ന സ്ഥാനമാണുള്ളത്. അവർ യാതൊരു നിയമങ്ങളെ അവലംബിക്കേണ്ട ആവശ്യവും അവർക്കു നേരിടാറില്ല.’

ഉള്ളാടൻമാരെപ്പറ്റി അദ്ദേഹം ഇങ്ങനെ എഴുതുന്നു:

> ‘കുലത്തിന്റെ (ട്രൈബിന്റെ) സമിതിയിൽ കുലത്തിലെ പ്രായമുള്ള എല്ലാ അംഗങ്ങളുമടങ്ങുന്നു. ഒരു തലവനുണ്ട്. മൂപ്പൻ എന്നാണദ്ദേഹം വിളിക്കപ്പെടുന്നത്. അദ്ദേഹത്തിന് പൊനമ്പൻ എന്ന പേരിലറിയപ്പെടുന്ന ഒരു സഹായിയുണ്ട്. വിവാഹാഘോഷങ്ങളിലും ശവസംസ്കാരച്ചടങ്ങുകളിലും മറ്റും അദ്ധ്യക്ഷത വഹിക്കുകയും കുലവുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും പരിഹരിക്കുകയും ചെയ്യുന്നത് അദ്ദേഹമാണ്.’

ഇതുപോലെ കാടരുടെ പതിയിലെ—പതി എന്നാൽ ഇരുപതോ മുപ്പതോ കുടിൽ ചേർന്നതാണ്. എല്ലാ അംഗങ്ങളും ഒരു മൂപ്പന്റെ കീഴിലാണ്.

അങ്ങനെ പ്രാകൃതനിവാസികളുടെ ഓരോ കുലത്തിനും ഓരോ തലവൻമാരുണ്ട്. കാണിക്കാരുടെ തലവന്റെ പേർ മുതുക്കാണിയെന്നാണ്. മലങ്കുറവൻമാരുടെ നേതാവ് ഊരാളിയാണ്. മലപണ്ടാരങ്ങളുടെ തലവൻ മൂപ്പൻ. മലപ്പുലയരുടേത് അരയൻ, വേടൻമാരുടേത് സ്ഥാനി. ഇതുപോലെ മറ്റെല്ലാ ഗോത്രവർഗ്ഗക്കാർക്കും സ്വന്തം മൂപ്പൻമാരുണ്ട്. ജനങ്ങളുടെ സാമൂഹ്യവും മതപരവും ഭക്ഷണപരവുമായ എല്ലാ കർമ്മങ്ങളുടെയും മേൽനോട്ടം നടത്തുന്നത് മൂപ്പൻമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികളാണ്.

സ്വകാര്യസ്വത്തിന്റെയും കച്ചവടബന്ധങ്ങളുടെയും ഗതാഗതസൗകര്യങ്ങളുടെയും ആധുനിക വിദ്യാഭ്യാസത്തിന്റെയും വളർച്ചയുടെയും ഫലമായി പ്രാചീനഗോത്രക്കാരുടെ സാമൂഹ്യഘടനയ്ക്ക് ഇന്ന് ഒട്ടൊക്കെ കോട്ടംതട്ടിയിട്ടുണ്ട്. അവർക്കിടയിൽ ഇന്ന് വിവിധ നിലവാരത്തിലുള്ള വ്യത്യസ്തങ്ങളായ ജീവിതനിലവാരങ്ങളാണുള്ളത്. എങ്കിലും പൊതിവിലുള്ള ചില സ്വഭാവവിശേഷങ്ങൾ അവശേഷിക്കുന്നതായി കാണാം. ഏറ്റവും മുഖ്യമായ സവിശേഷത, കുലഗോത്രങ്ങളുടെ രക്തബന്ധാടിസ്ഥാനത്തിലുള്ള സാമൂഹ്യജീവിതം തകരാതെ നിലനിൽക്കുന്നുണ്ടെന്നുള്ളതാണ്. പതി, കുടി മുതലായ പേരുകളിലറിയപ്പെടുന്ന സമൂഹങ്ങളായിട്ടാണ് അവരിപ്പോഴും ജീവിക്കുന്നത്. ഒരു സമൂഹത്തിൽ ഇരുപതോ മുപ്പതോ ചെറുകുടുംബങ്ങളുണ്ടാകും. സമൂഹത്തിലെ അംഗങ്ങളുടെ മേൽനോട്ടവും പൊതുഭരണവും നിർവ്വഹിക്കാൻ ഒരു തലവനും തലവനെ സഹായിക്കാൻ ഒരു കമ്മിറ്റിയുമുണ്ടാകും. സമൂഹത്തിലെ വ്യത്യസ്ത കുടുംബങ്ങൾക്കിടയിൽ അടുത്തകാലത്തായി സാമ്പത്തികാസമത്വം തലപൊക്കാൻ തുടങ്ങിയിട്ടുണ്ട്. എങ്കിലും ഒരു കാലത്ത് എല്ലാവരും സമൻമാരായിരുന്നുവെന്നതിന്റെ ധാരാളം സൂചനകളുണ്ട്. അവർക്കു പൊതുവായ ജീവിതരീതിയും സാമൂഹ്യാചാര്യങ്ങളും ആരാധനസമ്പ്രദായങ്ങളും പിന്തുടർച്ചാവകാശങ്ങളുമാണുള്ളത്.

## 6 കുലവും ഗോത്രവും

ഒരു കുലത്തിൽ സാധാരണയായി ഇത്തരത്തിലുള്ള ഒന്നിലധികം സമൂഹങ്ങൾ അല്ലെങ്കിൽ ഗോത്രങ്ങൾ ഉണ്ടായിരിക്കും. ഉദാഹരണത്തിന്, തെക്കൻ തിരുവിതാംകൂറിലെ കാണിക്കാർക്കിടയിൽ മൂത്തില്ലം, മേനില്ലം, എന്നിങ്ങനെ രണ്ടു ഗോത്രങ്ങളുണ്ട്. നെടുമങ്ങാടു താലൂക്കിലെ കാണിക്കാർക്കിടയിൽ മൂത്തില്ലം, മേനില്ലം, കയ്യില്ലം, പാലില്ലം എന്നിങ്ങനെ നാലു ഗോത്രങ്ങളുണ്ട്.

ചിലപ്പോൾ കുലത്തിനും ഗോത്രത്തിനുമിടയിൽ ഏതാനും ഗോത്രങ്ങൾ ചേർന്നുകൊണ്ടുള്ള ഭ്രാതൃസമുദായങ്ങൾ ഉണ്ടായിരിക്കും. ഉദാഹരണത്തിന്, നെയ്യാറ്റിൻകരയിലെ കാണിക്കാർക്കിടയിൽ അണ്ണൻതമ്പി, മച്ചമ്പി, എന്നിങ്ങനെ രണ്ടു പ്രധാന വിഭാഗങ്ങൾ അല്ലെങ്കിൽ ഭ്രാതൃസമൂഹങ്ങൾ ഉണ്ട്. അണ്ണൻതമ്പി വിഭാഗത്തിൽ മൂത്തില്ലം, വെളിനാട്ടില്ലം, കുറുമില്ലം എന്നിങ്ങനെ മൂന്നു ഗോത്രങ്ങളുണ്ട്.

മുതുവൻമാർക്കിടയിൽ മേലാക്കൂട്ടം, കാനക്കൂട്ടം, പൂതാനിക്കൂട്ടം, കനയാതുക്കൂട്ടം, എല്ലിക്കൂട്ടം എന്നിങ്ങനെയുള്ള ഗോത്രങ്ങളാണുള്ളത്. ഇതിൽ ഏറ്റവും പ്രധാനമായ ഗോത്രം മേലാക്കൂട്ടമാണ്. മേലാക്കൂട്ടത്തിലെ തലവൻമാരാണ് മുതുവൻമാരുടെ പൊതുവിലുള്ള തലവൻമാർ.

തൊടുപുഴ മലയോരത്തിലെ ഊരാളികൾ, കാനക്കൂട്ടം, പൊരിയിലക്കൂട്ടം, കൊടിയരിക്കൂട്ടം, എണ്ണയരിക്കൂട്ടം എന്നിങ്ങനെ നാലു ഗോത്രങ്ങളായും, നേരിയമംഗലത്തിലെ ഊരാളികൾ, വയനവരക്കൂട്ടം, കാനക്കൂട്ടം, കുരിയക്കൂട്ടം, പെരിയിലക്കൂട്ടം എന്നിങ്ങനെ നാലു ഗോത്രങ്ങളായും വിഭജിക്കപ്പെട്ടിരിക്കുന്നു.

മധ്യതിരുവിതാംകൂറിലെ മലയരയൻമാർ വളയില്ലം, എണ്ണയില്ലം, മുണ്ടില്ലം, പൂത്താണി ഇല്ലം, കൊരങ്ങണി ഇല്ലം, പന്തീരായിരം ഇല്ലം എന്നിങ്ങനെ എട്ടു ഗോത്രക്കാരായി വിഭജിക്കപ്പെട്ടിരിക്കുന്നു.

മലങ്കുറവൻമാർക്കിടയിൽ എട്ടു ഗോത്രങ്ങളും, ഉള്ളാടൻമാർക്കിടയിൽ നാലു ഗോത്രങ്ങളാണുമുള്ളത്. മലയൻമാർക്കിടയിൽ കടത്തുകാർ, കുന്നിക്കാർ, തോണിക്കാർ തുടങ്ങി ഒമ്പതുഗോത്രങ്ങളുണ്ട്.

പൊതുവേ ഈ പ്രാകൃത സമുദായക്കാരെല്ലാം സംസാരിക്കുന്ന ഭാഷ ശുദ്ധമലയാളമോ മറ്റ് ആധുനിക ഭാഷകളോ അല്ല. പഴയ മലയാളവും പഴയ തമിഴും കലർന്നതോ, പഴയ മലയാളവും പഴയ കർണ്ണാടകവും കൂടികലർന്നതോ ആയ ചില പ്രാകൃതഭാഷകളാണ് അവരുടേത്.

ശിലാമനുഷ്യരുടെ പ്രാകൃത സാമൂഹ്യവ്യവസ്ഥയിൽ ഭരണകൂടത്തിന്റെ യാതൊരാവശ്യവുമുണ്ടായിരുന്നില്ല. ഏതെങ്കിലും കാരണത്തിന് കുലങ്ങൾ തമ്മിൽ വക്കാണങ്ങളോ, യുദ്ധങ്ങളോ ഉണ്ടായാൽ അവയിൽ പ്രായപൂർത്തിയെത്തിയ മുഴുവൻ ജനങ്ങളും പങ്കെടുക്കുക പതിവായിരുന്നു. ജനങ്ങളാകെ ആയുധമെടുത്ത് യുദ്ധം ചെയ്യും. ജനങ്ങളിൽ നിന്ന് വേറിട്ടുള്ള പ്രത്യേകമായ ഒരു സൈനികശക്തിയുടെ യാതൊരാവശ്യവുമുണ്ടായിരുന്നില്ല. സാമൂഹികവും സാമ്പത്തികവും വൈവാഹികവും മതപരവുമായ എല്ലാ കാര്യങ്ങളും മൂപ്പന്റെ അല്ലെങ്കിൽ കാരണവരുടെ നേതൃത്വത്തിലുള്ള സഭകളോ കൗൺസിലുകളോ ആണ് നിർവ്വഹിച്ചിരുന്നത്. കുലത്തിനും ഗോത്രത്തിനും വെവ്വേറെ സഭകളും മൂപ്പൻമാരുടെ കൗൺസിലുകളുമുണ്ടായിരുന്നു. സഭയിൽ കുലത്തിലെ അല്ലെങ്കിൽ ഗോത്രത്തിലെ എല്ലാ അംഗങ്ങൾക്കും തുല്യമായ അവകാശങ്ങളാണ് ഉണ്ടായിരുന്നത്. എല്ലാവരും കൂടി ചർച്ച ചെയ്തു തീരുമാനിക്കുന്നതെന്തും അനുസരിച്ച് നടപ്പിൽ വരുത്താൻ ഓരോരുത്തനും ബാദ്ധ്യസ്ഥനായിരുന്നു. ഗോത്രത്തിന്റെ തീരുമാനം, പവിത്രമാണ്. അലംഘനീയമാണ്. വ്യക്തിയുടെ സ്വകാര്യജീവിതം ഗോത്രത്തിന്റെ പൊതുഭരണവ്യവസ്ഥയ്ക്കു വിധേയമായിരിക്കും. അവന്റെ ജീവിതരീതി, ചിന്തകൾ, ആഗ്രഹാഭിലാഷങ്ങൾ, പെരുമാറ്റങ്ങൾ മുതലായവയെല്ലാം സമൂഹത്തിന്റെ ഇച്ഛാശക്തിയുമായി പൊരുത്തപ്പെട്ടിരിക്കുന്നു. അനന്തകൃഷ്ണയ്യർ ചെറുമക്കളുടെ സഭയെപ്പറ്റി 1908-ൽ ഇങ്ങനെ എഴുതുകയുണ്ടായി.

> ‘തെക്കെ മലബാറിലെ പാലക്കാട്ട് താലൂക്കിൽ പണ്ടുകാലത്ത് ചെറുമർ (ചെറുമക്കൾ) കളവ്, വ്യഭിചാരം, വിവാഹമോചനം എന്നീ കേസുകൾക്ക് കണ്ണാടിക്കട്ടിവട്ടാലിൽ (പാലക്കാട്ടിനടുത്തു കണ്ണാടിയിലെ ഒരു ആൽവൃക്ഷത്തിനുചുവട്ടിൽ) വെച്ച് വമ്പിച്ച യോഗങ്ങൾ ചേരാറുണ്ടത്രേ. വാളയാർക്കാടുകളുടെയും വള്ളുവനാടു താലൂക്കിലെ കരിമ്പുഴയുടെയും നടുവിൽ വടക്കും തെക്കും മലകൾക്കിടയിൽ താമസിക്കുന്ന ചെറുമജാതിയിൽപ്പെട്ട എല്ലാ അംഗങ്ങളും ഈ സഭയിൽ സംബന്ധിക്കാറുണ്ട്. കൂടിയാലോചനകൾ വളരെ ദിവസങ്ങളോളം നീണ്ടുനിൽക്കാറുണ്ടെന്നു പറയപ്പെടുന്നു. ഇതായിരുന്നു അവരുടെ ഗോത്രക്കോടതി. ആരെങ്കിലും എന്തെങ്കിലും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അയാൾക്കു കിട്ടുന്ന ശിക്ഷ ഏതാനും ഉറുപ്പിക പിഴയോ അല്ലെങ്കിൽ നല്ല കണക്കിന് പ്രഹരമോ ആയിരിക്കും. സ്വന്തം നിരപരാധിത്വം തെളിയിക്കാൻ വേണ്ടി കുറ്റവാളി ഇങ്ങനെ സത്യം ചെയ്യണം: ‘കണ്ണാടി സ്വരൂപം അറികെ ഞാൻ ചെയ്തിട്ടില്ല.’ ഈ സഭ അത്രയ്ക്ക് പരിപാവനമായി കരുതപ്പെട്ടിരുന്നതുകൊണ്ട് ആരും അതിനെപ്പിടിച്ച് ആണയിടുമ്പോൾ നുണപറയാറില്ല. കാലക്രമത്തിൽ അവർക്ക് അങ്ങനെ ഒന്നിച്ചുകൂടാൻ വിഷമമായതോടുകൂടി ഇത്തരം സമ്മേളനവും അവസാനിച്ചു. ഇപ്പോൾ അത്തരം കേസുകൾക്ക് വിവിധ ഗ്രാമങ്ങളിലെ തലമൂത്ത അംഗങ്ങളേയും തലവൻമാരേയും ക്ഷണിച്ചുവരുത്തി കൂടിയാലോചനകൾ നടത്തുകയാണ് പതിവ്.’ [4]

വയനാട്ടിലെ കുറിച്ചിയർ നാടുകളായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്നും, ഓരോ നാടിനും ഓരോ മൂപ്പനുണ്ടെന്നും, സമുദായത്തിലെ തർക്കങ്ങളെല്ലാം മൂപ്പന്റെ നേതൃത്വത്തിലുള്ള സഭയാണ് പരിഹരിക്കുന്നതെന്നും അയ്യപ്പൻ ചൂണ്ടിക്കാണിക്കുന്നു. [5] മറ്റു മിക്ക ഗിരിവർഗ്ഗകാർക്കിടയിലും ഏതാണ്ടിതുപോലെ ഗോത്രസംഘടനകളുണ്ട്.

‘കേരള സംസ്കാരം’ എന്ന തന്റെ പുസ്തകത്തിൽ കെ.മാമൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, കേരളത്തിലെ ഈ സാമൂഹ്യക്രമത്തിന് നാലു സവിശേഷതകളാണുണ്ടായിരുന്നത്:

—ഒന്നാമത് രക്തബന്ധമായിരുന്നു സമുദായത്തിന്റെ അടിത്തറ.

രണ്ടാമത്, ജനങ്ങൾ കൂട്ടംകൂട്ടമായിട്ടാണ് ജീവിച്ചിരുന്നത്. കൂട്ടത്തിലെ കാരണവൻമാരുടെ നേതൃത്വത്തിലുള്ള ജനാധിപത്യസഭയാണ് ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്.

മൂന്നാമത്, ഭൂമി കൂട്ടത്തിലെ എല്ലാ അംഗങ്ങളുടെയും പൊതുസ്വത്തായിരുന്നു.

—നാലാമത്, കൂട്ടത്തിന് പൊതുവായ ആരാധനാസമ്പ്രദായമുണ്ടായിരുന്നു. [6]

---

4. K. Ananthakrishna Iyer: The Cochin Tribes and Castes. Vol. 1 P. 112.
5. A. Ayappan, Adivasis, p. 48.
6. K. Mamman: Kerala Culture.

# 7 പ്രാകൃത കമ്മ്യൂണിസം

എന്നാൽ ഇവ കേരളത്തിന്റെ മാത്രം സവിശേഷതകളായിരുന്നില്ല. കൂട്ടായ അധ്വാനത്തിന്റെയും കൂട്ടായ ജീവിതത്തിന്റെയും അടിസ്ഥാനത്തിലുള്ള കൂട്ടുടമവ്യവസ്ഥ—അല്ലെങ്കിൽ പ്രാകൃതകമ്മ്യൂണിസം—പ്രാചീനകാലത്ത ലോകത്തിലെ പല ഭാഗങ്ങളിലും നിലനിന്നിരുന്നുവെന്ന് തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. ഈ പ്രാകൃതസമൂഹവ്യവസ്ഥയെപ്പറ്റിയാണ് ഏംഗെൽസ് ഇങ്ങനെയെഴുതുന്നത്:

> ‘ഈ ഗോത്രഭരണവ്യവസ്ഥ അതിന്റെ ശിശുദൃശ്യമായ ലാളിത്യം വെച്ചുനോക്കുമ്പോൾ അത്ഭുതകരമായ ഒരു ഭരണഘടനയത്രെ. പട്ടാളമില്ല, പൊലീസില്ല, പ്രഭുക്കളില്ല, രാജാക്കന്മാരില്ല, റീജൻറുമാരില്ല, കോടതിയില്ല, ജഡ്ജിമാരില്ല, ജയിലുകളില്ല, കേസുകളില്ല എന്നിട്ടും, എല്ലാകാര്യങ്ങളും ക്രമത്തിലങ്ങനെ നടക്കുന്നു. കശപിശകളും തർക്കങ്ങളും തീർക്കുന്നത് ഗോത്രങ്ങളോ അല്ലെങ്കിൽ ഗോത്രങ്ങൾ തമ്മിൽതമ്മിലോ ആണ്. എന്നുവെച്ചാൽ തർക്കങ്ങളിൽ ബന്ധപ്പെടുന്ന ജനസമുദായം മുഴുവനും കൂടിയാണ്. അവസാനത്തേതും അപൂർവ്വവുമായ ഒരു നടപടിയെന്നനിലയ്ക്ക് രക്തപ്രതികാരഭീഷണിയുമുണ്ട്. ഇന്നത്തെ മരണശിക്ഷ. സംസ്കാരയുഗത്തിന്റെ മറ്റെല്ലാ പോരായ്മകളുമടങ്ങിയ പരിഷ്കൃതമായ പ്രതികാരമല്ലാതെ മറ്റൊന്നുമല്ല. അന്നത്തെക്കാലത്ത് ഇന്നത്തെക്കാൾ എത്രയോയധികം കാര്യങ്ങൾ കൂട്ടായി ഒന്നിച്ചുചേർന്ന് പൊതുവായാണ് തറവാട് പുലർത്തുന്നത്. അതുതന്നെ കമ്മ്യൂണിസ്റ്റ് രീതിയിലും. ഗണത്തിലെ ജനങ്ങൾ മുഴുവനും കൂടിയാണ് നിലത്തിന്റെ ഉടമാവകാശം വഹിക്കുന്നത്. ചെറിയ കുടിയിരിപ്പുകൾ മാത്രം തറവാട്ടുകൾക്ക് താൽക്കാലികമായി തിരിച്ചുവെയ്ക്കും. ഇങ്ങനെയൊക്കെയായാലും ശാഖോപശാഖകളോട്ടുകൂടിയതും നൂലാമാല പിടിച്ചതുമായ നമ്മുടെ ഭരണഘടനാസാമഗ്രികളുടെ കണികപോലും ആവശ്യമില്ല. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് അവയുമായി ബന്ധപ്പെട്ടവർ തന്നെയാണ്. മിക്ക സന്ദർഭങ്ങളിലും നൂറ്റാണ്ടുകളുടെ പഴക്കമുള്ള ആചാരമര്യാദകളനുസരിച്ച് തീരുമാനമുണ്ടാവുക പതിവാണ്. ദരിദ്രരും നിർദ്ദനരും ഉണ്ടാവാനിടമേയില്ല. കൂട്ടുടമയിലുള്ള തറവാടുകൾക്കും ഗോത്രങ്ങൾക്കും പ്രായംചെന്നവർ, രോഗികൾ, പടയിൽ അംഗഭംഗംവന്നവർ മുതലായവരോട് കടമകൾ എന്തെന്നറിയാം. സ്ത്രീകളടക്കം എല്ലാവരും തുല്യരാണ്; സ്വതന്ത്രരാണ്.’ [7]

പ്രാകൃത കമ്മ്യൂണിസം എന്നു വിളിക്കപ്പെടുന്ന ഇത്തരമൊരു സാമൂഹ്യവ്യവസ്ഥയിലാണ് നമ്മുടെ പൂർവികരായ പ്രാചീന കേരളീയർ വളരെക്കാലം ജീവിച്ചുപോന്നത്. ഭൂഗർഭശാസ്ത്രവും പുരാതന വസ്തുഗവേഷണവും നരവംശശാസ്ത്രവും മാത്രമല്ല, സംഘം കൃതികൾ എന്ന പേരിലറിയപ്പെടുന്ന പ്രാചീനസാഹിത്യങ്ങളിലെ ചില സൂചനകൾ ഇതാണ് തെളിയിക്കുന്നത്.

---

7. Engles: Origin of Family, private property and State.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്റരചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടിഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8